# SUNDAY LIGHT
# സൺഡേ ലൈറ്റ്

ഞായറാഴ്ച ദിവ്യബലിയിലെ സജീവ പങ്കാളിത്തതിന് സഹായിക്കുന്ന ലഘുലേഖ

20 ആഗസ്റ്റ് 2023


## ആണ്ടുവട്ടം ഇരുപത്താം ഞായർ



**ദൈവത്തിലുള്ള** വ്യക്തിപരമായ വിശ്വാസമാണ് ദൈവാനുഗ്രഹം അനുഭവിച്ചറിയുവാൻ ഓരോരുത്തരേയും സഹായിക്കുന്നത്. യേശുവിന് സാധിക്കും എന്ന കാനാൻകാരിയുടെ വിശ്വാസമാണ്, തന്റെ മകളുടെ സൗഖ്യം ക്രിസ്തുവിൽ നിന്ന് സ്വീകരിക്കുവാൻ അവൾക്കു സാധിച്ചത്. പിതാവിന്റെ ഇഷ്ടം നിറവേറ്റുവാൻ എപ്പോഴും പരിശ്രമിച്ചിരുന്ന യേശുവിന്റെ പ്രവർത്തനങ്ങൾക്ക് സ്ഥലകാല പരിമിതി ഉണ്ടായില്ല. ഗനേസറത്തുനിന്ന് പുറപ്പെട്ട് ടയിർ, സീദോൻ എന്നീ പ്രദേശങ്ങളിലെത്തുമ്പോഴാണ് കാനാൻകാരി വന്ന് തന്റെ മകളെ രക്ഷിക്കുവാൻ അപേക്ഷിക്കുന്നത്.

യേശുവിന്റെ വ്യക്തിത്വവും പ്രവർത്തനവും വിഭജിക്കാനാവാത്തതാണെന്ന് നമ്മെ വ്യക്തമാക്കിത്തരുന്നുണ്ട്. വിജാതീയ സ്ഥലത്ത്. ഒരു വിജാതീയ സ്ത്രീ വന്ന് അപേക്ഷിക്കുമ്പോൾ, അവളുടെ വിശ്വാസം എത്രത്തോളമുണ്ടെന്നറിയാൻ യേശു പറയുന്നുണ്ട്, "ഇസ്രായേൽ ഭവനത്തിലെ നഷ്ടപ്പെട്ട ആടുകളുടെ അടുത്തേക്കു മാത്രമാണ് ഞാൻ അയക്കപ്പെട്ടിരിക്കുന്നത്. മക്കളുടെ അപ്പമെടുത്ത് നായ്ക്കൾക്ക് എറിഞ്ഞുകൊടുക്കുന്നത് ഉചിതമല്ല." അപ്പോൾ അവൾ പറയുന്നുണ്ട്, "അതേ കർത്താവേ, നായ്ക്കളും യജമാനന്മാരുടെ മേശയിൽ നിന്നു വീഴുന്ന അപ്പക്കഷണങ്ങൾ തിന്നുന്നുണ്ടല്ലോ"യെന്ന്. അവളുടെ വിശ്വാസത്തിന്റെ ആഴം കാണുമ്പോൾത്തന്നെ യേശു പറയുന്നുണ്ട്, "സ്ത്രീയേ, നിന്റെ വിശ്വാസം വലുതാണ്. നീ ആഗ്രഹിക്കുന്നതുപോലെ നിനക്കു ഭവിക്കട്ടെ.

സീറോ-ഫിനീഷ്യൻ വംശത്തിൽപ്പെട്ട വിജാതീയ സ്ത്രീ ചോദിക്കുമ്പോൾ മക്കൾ എന്നു പറയുന്നത് യഹൂദജനതയെയാണ്. വിജാതീയരെ സൂചിപ്പിക്കുവാനായി നായ്ക്കൾ എന്ന പദം ഉപയോഗിച്ചിരിക്കുന്നു. നായ എന്ന പദം പുറന്തള്ളപ്പെട്ട വ്യക്തികളെ സൂചിപ്പിക്കുവാനാണ് പഴയനിയമത്തിൽ ഉപയോഗിച്ചിരിക്കുന്നത്. ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിൽ നാം വായിക്കുന്നുണ്ട്: എന്നെ സേവിക്കാനും, എന്റെ നാമത്തെ സ്നേഹിക്കാനും എന്റെ ദാസരായിരിക്കാനും എന്നോടു ചേർന്നുനില്ക്കുകയും സാബത്ത് അശുദ്ധമാകാതെ ആചരിക്കുകയും എന്റെ ഉടമ്പടിയോട് വിശ്വസ്തത പുലർത്തുകയും ചെയ്യുന്ന പരദേശികളെയും ഞാൻ വിശുദ്ധഗിരിയിലേക്ക് കൊണ്ടുപോകും (ഏശയ്യ 56:6-7). ദൈവം എല്ലാവർക്കും വേണ്ടിയുള്ളവനാണെന്ന്, വിജാതീയനായിരുന്ന വിശുദ്ധ പൗലോസ് റോമാക്കാർക്കെഴുതിയ ലേഖനത്തിലൂടെയും പറയുന്നുണ്ട്. "വിജാതീയരായ നിങ്ങളോട് ഞാൻ പറയുകയാണ്, വിജാതീയരുടെ അപ്പസ്തോലൻ എന്ന നിലയ്ക്ക് എന്റെ ശുശ്രൂഷയെ ഞാൻ പ്രശംസിക്കുന്നു. അവൻ വഴി എന്റെ കൂട്ടരായ യഹൂദരെ അസൂയാകുലരാക്കാനും അങ്ങനെ അവരിൽ കുറേപ്പേരെയെങ്കിലും രക്ഷിക്കാനും എനിക്ക് ഇടയാകുമല്ലോ" (റോമാ 10:13-14). സീറോ-ഫിനീഷ്യൻ സ്ത്രീയുടെ വിശ്വാസത്തിനു ലഭിക്കുന്ന മറുപടി വലിയൊരു സത്യത്തിലേയ്ക്ക് വിരൽ ചൂണ്ടുന്നു. ഇസ്രായേലിനു വേണ്ടിയുള്ള ദൈവത്തിന്റെ വാഗ്ദാനമായിക്രിസ്തുവിനെ അംഗീകരിക്കുന്നതുവഴി വിജാതീയർക്കും ദൈവാനുഗ്രഹത്തിൽ പങ്കുപറ്റുവാൻ കഴിയുമെന്ന്. ജീവിതത്തിന്റെ ഏതു സാഹചര്യങ്ങളിലും സഭയുടെ രക്ഷകനായ ക്രിസ്തുവിൽ ക്രിസ്തുവിൽ പൂർണ്ണവിശ്വാസമർപ്പിച്ച് സുകൃതമായ ജീവിതം നയിക്കാൻ നമുക്കും സാധിക്കട്ടെ.

## ആമുഖം

ഇന്നത്തെ സുവിശേഷം നമ്മെ പരിചയപ്പെടുത്തുക ഒരു കാനാൻകാരി സ്ത്രീയെയാണ്. അവൾ ഒരു വിജാതീയ സ്ത്രീയാണ് എന്നിട്ടു പോലും യഹൂദരുടെ അടുത്ത സ്ഥാനം അവൾക്ക് കർത്താവ് കൊടുക്കുന്നു. ഒറ്റ കാരണമാണ് അതിനായിട്ടുള്ളത്. അവളുടെ വിശ്വാസത്തിൽ ക്രിസ്തു പോലും അത്ഭുതപ്പെട്ടുപോകുന്നു. നമ്മുടെ ജീവിതത്തിലും ദൈവത്തോട് ചേർന്ന് നിൽക്കാനും അവിടുത്തെ കൃപാവരങ്ങൾ കൂടുതൽ ലഭിക്കുവാനും വിശ്വാസത്തിന്റെ തലത്തിൽ നാം ആഴപെടേണ്ടതായിരിക്കുന്നു. ഇന്നീ ബലിയിൽ നമുക്ക് പ്രാർത്ഥിക്കാം കർത്താവേ ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കണമേ.

## ഒന്നാം വായന

**ഇസയാസ് പ്രവാചകന്റെ പുസ്തകത്തിൽ നിന്ന്** (56:1,6-7)

*(എന്റെ നിയമം പാലിക്കുന്നവരെ ഞാൻ വിശുദ്ധഗിരിയിലേക്കു കൊണ്ടുപോകും.)*

കർത്താവ് അരുളിച്ചെയ്യുന്നു: ന്യായം പാലിക്കുക, നീതി പ്രവർത്തിക്കുക. ഞാൻ രക്ഷ നൽകാൻ പോകുന്നു; എന്റെ നീതി വെളിപ്പെടും. എന്നെ സേവിക്കാനും എന്റെ നാമത്തെ സ്നേഹിക്കാനും എന്റെ ദാസരായിരിക്കാനും എന്നോടു ചേർന്നു നിൽക്കുകയും സാബത്ത് അശുദ്ധമാക്കാതെ ആചരിക്കുകയും എന്റെ ഉടമ്പടിയോടു വിശ്വസ്തത പുലർത്തുകയും ചെയ്യുന്ന പരദേശികളെയും ഞാൻ എന്റെ വിശുദ്ധഗിരിയിലേക്കു കൊണ്ടുപോകും. എന്റെ പ്രാർഥനാലയത്തിൽ അവർക്കു സന്തോഷം നൽകും. അവരുടെ ദഹനബലികളും മറ്റു ബലികളും എന്റെ ബലിപീഠത്തിൽ സ്വീകാര്യമായിരിക്കും. എന്റെ ആലയം എല്ലാ ജനതകൾക്കുമുള്ള പ്രാർഥനാലയമെന്ന് അറിയപ്പെടും.

കർത്താവിന്റെ വചനം

## പ്രതിവചന സങ്കീർത്തനം

(സങ്കീ 67:1-2,4,5,7)

**ദൈവമേ, ജനതകൾ അങ്ങയെ പ്രകീർത്തിക്കട്ടെ!**
**എല്ലാ ജനതകളും അങ്ങയെ സ്തുതിക്കട്ടെ!**

ദൈവം നമ്മോടു കൃപ കാണിക്കുകയും
നമ്മെ അനുഗ്രഹിക്കുകയും ചെയ്യുമാറാകട്ടെ!
അവിടുന്നു തന്റെ പ്രീതി നമ്മുടെമേൽ ചൊരിയുമാറാകട്ടെ! അങ്ങേ വഴി ഭൂമിയിലും അങ്ങേ രക്ഷാകര ശക്തി സകല ജനതകളുടെയിടയിലും അറിയപ്പെടേണ്ടതിനു തന്നെ.

**ദൈവമേ, ജനതകൾ......**

ജനതകളെല്ലാം ആഹ്ളാദിക്കുകയും
ആനന്ദഗാനം ആലപിക്കുകയും ചെയ്യട്ടെ!
അങ്ങു ജനതകളെ നീതിപൂർവം വിധിക്കുകയും
ജനപദങ്ങളെ നയിക്കുകയും ചെയ്യുന്നു.

**ദൈവമേ, ജനതകൾ......**

ദൈവമേ, ജനതകൾ അങ്ങയെ പ്രകീർത്തിക്കട്ടെ!
എല്ലാ ജനതകളും അങ്ങയെ സ്തുതിക്കട്ടെ!
അവിടുന്നു നമ്മെ അനുഗ്രഹിച്ചു.
ഭൂമി മുഴുവൻ അവിടുത്തെ ഭയപ്പെടട്ടെ!

**ദൈവമേ, ജനതകൾ......**

## രണ്ടാം വായന

**വി. പൗലോസ് അപ്പസ്തോലൻ റോമാക്കാർക്ക് എഴുതിയ ലേഖനത്തിൽനിന്ന്** (11:13-15,29-32)

*(ദൈവത്തിന്റെ ദാനങ്ങളും വിളിയും പിൻവലിക്കപ്പെടാവുന്നതല്ല.)*

സഹോദരരേ, വിജാതീയരായ നിങ്ങളോടു ഞാൻ പറയുകയാണ്, വിജാതീയരുടെ അപ്പോസ്തലൻ എന്ന നിലയ്ക്ക് എന്റെ ശുശ്രൂഷയെ ഞാൻ പ്രശംസിക്കുന്നു. അതുവഴി എന്റെ കൂട്ടരായ യഹൂദരെ അസൂയാകുലരാക്കാനും അങ്ങനെ, അവരിൽ കുറെപ്പേരെയെങ്കിലും രക്ഷിക്കാനും എനിക്ക് ഇടയാകുമല്ലോ. എന്തുകൊണ്ടെന്നാൽ, അവരുടെ തിരസ്കാരം ലോകത്തിന്റെ അനുര

ഞ്ജനമായെങ്കിൽ അവരുടെ സ്വീകാരം മൃതരിൽ നിന്നുള്ള ജീവനല്ലാതെ മറ്റെന്തായിരിക്കും?

എന്തെന്നാൽ, ദൈവത്തിന്റെ ദാനങ്ങളും വിളിയും പിൻവലിക്കപ്പെടാവുന്നതല്ല. ഒരിക്കൽ നിങ്ങൾ ദൈവത്തെ അനുസരിക്കാത്തവരായിരുന്നു. എന്നാൽ, അവരുടെ അനുസരണക്കേടു നിമിത്തം നിങ്ങൾക്കു കൃപ ലഭിച്ചു. അതുപോലെ തന്നെ, നിങ്ങൾക്കു ലഭിച്ച കൃപ നിമിത്തം അവർക്കും കൃപ ലഭിക്കേണ്ടതിന് ഇപ്പോൾ അവർ അനുസരണം ഇല്ലാത്തവരായിരിക്കുന്നു. എന്തെന്നാൽ, എല്ലാവരോടും കൃപ കാണിക്കാൻവേണ്ടി ദൈവം എല്ലാവരെയും അനുസരണമില്ലാത്തവരാക്കി.

കർത്താവിന്റെ വചനം

## അല്ലേലൂയാ

അല്ലേലൂയാ! (cf. മത്താ 4:23)
യേശു, രാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചും ജനങ്ങളുടെ എല്ലാ രോഗങ്ങളും സുഖപ്പെടുത്തിയും ചുറ്റിസഞ്ചരിച്ചു.
അല്ലേലൂയാ!

## സുവിശേഷം

**മത്തായിയുടെ വി. സുവിശേഷത്തിൽ നിന്നുള്ള വായന** (15:21-28)

*(സ്ത്രീയേ, നിന്റെ വിശ്വാസം വലുതാണ്.)*

അക്കാലത്ത്, യേശു ഗനേസറത്തുനിന്ന് പുറപ്പെട്ട് ടയിർ, സീദോൻ എന്നീ പ്രദേശങ്ങളിലെത്തി. അപ്പോൾ ആ പ്രദേശത്തുനിന്ന് ഒരു കാനാൻകാരി വന്നു കരഞ്ഞപേക്ഷിച്ചു: കർത്താവേ, ദാവീദിന്റെ പുത്രാ, എന്നിൽ കനിയണമേ! എന്റെ മകളെ പിശാച് ക്രൂരമായി ബാധിച്ചിരിക്കുന്നു. എന്നാൽ, അവൻ ഒരു വാക്കുപോലും ഉത്തരം പറഞ്ഞില്ല. ശിഷ്യന്മാർ അവനോട് അഭ്യർഥിച്ചു: അവളെ പറഞ്ഞയച്ചാലും; അവൾ നമ്മുടെ പിന്നാലെ വന്നു നില



വിളിക്കുന്നല്ലോ. അവൻ മറുപടി പറഞ്ഞു: ഇസ്രായേൽ ഭവനത്തിലെ നഷ്ടപ്പെട്ട ആടുകളുടെ അടുത്തേക്കു മാത്രമാണു ഞാൻ അയയ്ക്കപ്പെട്ടിരിക്കുന്നത്. എന്നാൽ, അവൾ അവനെ പ്രണമിച്ച് കർത്താവേ, എന്നെ സഹായിക്കണമേ എന്ന് അപേക്ഷിച്ചു. അവൻ പറഞ്ഞു: മക്കളുടെ അപ്പമെടുത്ത് നായ്ക്കൾക്ക് എറിഞ്ഞുകൊടുക്കുന്നത് ഉചിതമല്ല. അവൾ പറഞ്ഞു: അതേ, കർത്താവേ, നായ്ക്കളും യജമാനന്മാരുടെ മേശയിൽ നിന്നു വീഴുന്ന അപ്പക്കഷണങ്ങൾ തിന്നുന്നുണ്ടല്ലോ. യേശു പറഞ്ഞു: സ്ത്രീയേ, നിന്റെ വിശ്വാസം വലുതാണ്. നീ ആഗ്രഹിക്കുന്നതുപോലെ നിനക്കു ഭവിക്കട്ടെ. ആ സമയംമുതൽ അവളുടെ പുത്രി സൗഖ്യമുള്ളവളായി.

കർത്താവിന്റെ സുവിശേഷം

## വിശ്വാസികളുടെ പ്രാർഥന

**കാർമികൻ:** പ്രിയ സഹോദരരേ, നമ്മോടു കൂടെ വസിക്കുന്ന സ്വർഗീയ പിതാവിന്റെ മുമ്പിൽ നമ്മുടെ നിരവധി ആവശ്യങ്ങൾ സമർപ്പിച്ചുകൊണ്ട് നമുക്കിപ്പോൾ പ്രാർത്ഥിക്കാം.

1. തന്റെ ഏക പുത്രൻ വഴി നാം ജീവിക്കേണ്ടതിനായി ദൈവം അവനെ ലോകത്തിലേക്കയച്ചു. അങ്ങനെ ദൈവത്തിന്റെ സ്നേഹം നമ്മുടെ ഇടയിൽ വെളിപ്പെടുത്തി. ഈ ദൗത്യം ഇന്നും തുടർന്നുകൊണ്ടു പോകുന്ന തിരുസഭയെയും പരിശുദ്ധ പിതാവിനെയും എല്ലാ മെത്രാന്മാരെയും വൈദികരെയും അനുനിമിഷം വിശുദ്ധീകരിച്ച് ശക്തമായ ഉപകരണങ്ങളും സാക്ഷികളുമായി മാറ്റണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

2. സമാധാന ദാതാവായ ദൈവമേ, വളരെയേറെ തിരുവചനങ്ങൾ ശ്രവിക്കുന്ന ഞങ്ങൾ, ഞങ്ങളുടെ വിശ്വാസത്തിലും കാഴ്ചപ്പാടുകളിലും ഉറച്ചു നിൽക്കുവാനും ദൈവം നൽകുന്ന സമാധാനം സ്വന്തമാക്കുവാനുമുള്ള കൃപ നല്കി അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു

3. നന്മ സമ്പൂർണ്ണനായ ദൈവമേ, എല്ലാ കുടുംബങ്ങൾക്കുവേണ്ടിയും ഞങ്ങൾ പ്രാർത്ഥിക്കുന്നു. വിശ്വാസത്തിലും സ്നേഹത്തിലും അവരുടെ ഒരുമയിൽ ആഴപ്പെടുത്തുവാൻ അങ്ങയുടെ അരൂപിയെ അയ്ക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

4 സ്നേഹപിതാവേ, എല്ലാ രോഗികൾക്കുവേണ്ടിയും ഞങ്ങൾ പ്രാർത്ഥിക്കുന്നു. തങ്ങളുടെ സഹനങ്ങളേ യേശുവിനോടുകൂടെ പങ്കിടുവാൻ അവരെ സഹായിക്കണമേ. അങ്ങയുടെ സൗഖ്യദായകമായ സാന്നിധ്യത്താലും സ്പർശനത്താലും രോഗമുക്തിയും ആരോഗ്യവും അവർക്ക് പ്രദാനം ചെയ്യണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

5. കാരുണ്യവാനായ ദൈവമേ, ക്രിസ്തുവിന്റെ സമാധാനത്തിൽ നിദ്രപ്രാപിച്ചവരുടെമേൽ കൃപയായിരിക്കണമേ. അങ്ങ് അവർക്കായി ഒരുക്കിയിരിക്കുന്ന സ്വർഗ്ഗീയ ഭവനത്തിലേക്കു അവരെ സ്വീകരിക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**കാർമികൻ:** സ്നേഹപിതാവായ ദൈവമേ, വിശ്വാസത്തിലൂടെ അങ്ങയുടെ ഹൃദയം കവർന്നെടുത്ത് കാനാൻകാരി സ്ത്രീയെ പോലെ ഞങ്ങളുടെ ജീവിതത്തിലും വിശ്വാസത്തിൽ അനുദിനം വളരാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. ഞങ്ങളുടെ കർത്താവായ.......





KERALAVANI
MEDIA COMMISSION • ARCHDIOCESE OF VERAPOLY
I.S. PRESS ROAD, ERNAKULAM, PH. 6282610318

*സാമൂഹികപരവും സഭാപരവുമായ കൂടുതൽ വാർത്തകളും വീഡിയോകൾക്കും കേരളവാണി യൂട്യൂബ് ചാനൽ Subscribe ചെയ്യുക.*